**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3216** **13-07-2022 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യൂ.എസ്. സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെ-ടെറ്റ് പരീക്ഷ ഏർപ്പെടുത്തിയതിന് പിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ.ആക്ട്) അദ്ധ്യാപകരുടെ നിയമനകാര്യത്തിൽ നിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപകരായി നിയമിക്കപ്പെടുന്ന വ്യക്തികൾക്ക് അദ്ധ്യയനത്തിന്റെ എല്ലാ നിലയിലുമുള്ള വെല്ലുവിളികളെ സമർത്ഥമായി നേരിടുവാനുള്ള അത്യാവശ്യ അഭിരുചിയും കഴിവും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാനുള്ള നിലവാരം നിർണ്ണയിക്കുന്നതിനായി നടത്തപ്പെടുന്ന യോഗ്യതാ പരീക്ഷയാണ് കെ-ടെറ്റ്. അദ്ധ്യാപക യോഗ്യതാ നിർണ്ണയ പരീക്ഷയെ അദ്ധ്യാപകരാകാനുള്ള അടിസ്ഥാന യോഗ്യതയായി ഉൾപ്പെടുത്തിയതിലെ ഔചിത്യം ചുവടെ ചേർക്കുന്നു.<br><br>1. അദ്ധ്യാപക നിയമനത്തിൽ ദേശീയ നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്താൻ സാധിക്കും.<br>2. അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയിലെ വിദ്യാർത്ഥികളും അവരുടെ പ്രവർത്തന നിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കും.<br>3. അദ്ധ്യാപക നിലവാരം ഉറപ്പ് വരുത്തുന്നതിൽ സർക്കാർ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നുണ്ടെന്ന സന്ദേശം എല്ലാവരിലും എത്തിക്കാൻ കഴിയും. അദ്ധ്യാപനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വെല്ലുവിളികളെ നേരിടുന്നതിനുള്ള കഴിവും അഭിരുചിയും ഉള്ളവരാണ് അദ്ധ്യാപകർ എന്ന് ഉറപ്പുവരുത്തുന്നതിന് ഈ പരീക്ഷ സഹായകമാകും. |

| | | | |
|---|---|---|---|
| (ബി) | കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടുന്നതിനായി ഏതെല്ലാം വിഭാഗങ്ങൾക്കാണ് മാർക്കിൽ ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 15/03/2017 ലെ സ.ഉ(കൈ) നം.18/2017/ പൊ.വി.വ പ്രകാരം ജനറൽ വിഭാഗക്കാർക്ക് 60 ശതമാനം (90 മാർക്ക്), എസ്.സി/എസ്.ടി/ ഒ.ബി.സി വിഭാഗക്കാർക്ക് 55 ശതമാനം (82 മാർക്ക്) പി.എച്ച്. വിഭാഗക്കാർക്ക് 50 ശതമാനം ( 75മാർക്ക്) ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള പാസ്സ് മാർക്ക് എത്ര ശതമാനം വീതം ആണെന്ന് അറിയിക്കുമോ; | (സി) | 15/03/2017 ലെ സ.ഉ(കൈ) നം.18/2017/ പൊ.വി.വ പ്രകാരം ജനറൽ വിഭാഗക്കാർക്ക് 60 ശതമാനം (90 മാർക്ക്), എസ്.സി/എസ്.ടി/ ഒ.ബി.സി വിഭാഗക്കാർക്ക് 55 ശതമാനം (82 മാർക്ക്) പി.എച്ച്. വിഭാഗക്കാർക്ക് 50 ശതമാനം ( 75മാർക്ക്) ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിൽ ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് യോഗ്യതാ മാർക്കിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് കെ-ടെറ്റ് യോഗ്യതാ മാർക്കിൽ ഇളവ് അനുവദിച്ചിട്ടില്ല. |
| (ഇ) | മറ്റെല്ലാ മേഖലകളിലും ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും നൽകുമ്പോൾ കെ-ടെറ്റിന്റെ യോഗ്യത മാർക്കിൽ മാത്രം ഇളവ് അനുവദിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരമാണ് ഓരോ വിഭാഗത്തിനും കെ-ടെറ്റ് പാസ് മാർക്കിളവ് അനുവദിച്ചിട്ടുള്ളത്. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് സി-ടെറ്റ് പരീക്ഷയ്ക്കും മാർക്കിളവ് നൽകിയിട്ടില്ല. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് മാർക്കിളവ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ